(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

റിസർവ് കണ്ടക്ടർമാരുടെ നിയമനം.

1100 [1748] ശ്രീ. ടി.കെ. അബ്ദു:

,, പി. കരുണാകരൻ:

,, എൻ. വാസുദേവൻ പിള്ള:

,, എം.കെ. കൃഷ്ണൻ:

,, എ.പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പ്രസിദ്ധീകരിച്ചതും കാലാവധി കഴിഞ്ഞതുമായ റാങ്ക് ലിസ്റ്റിൽ നിന്നും റിസർവ് കണ്ടക്ടർമാരെ നിയമിക്കുവാനുള്ള വല്ല നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാലാവധി കഴിഞ്ഞ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര കണ്ടക്ടർമാരെ ഇതിനകം നിയമിച്ചിട്ടുണ്ട്;

(സി) ഈ ലിസ്റ്റിൽ ഇനിയും എത്ര പേർ ബാക്കിയുണ്ട്?

ഉത്തരം

(എ) കാലാവധി തീരുന്നതിനുമുമ്പ് 1500 പേരെ അഡ്വൈസ് ചെയ്യണമെന്ന് പി.എസ്.സി. യോട് ആവശ്യപ്പെട്ടിരുന്നു.

(ബി) 180 പേരെ 19.1.1979-ൽ അഡ്വൈസ് ചെയ്തു. അവരിൽ 157 പേരെ ഇതിനകം നിയമിച്ചു കഴിഞ്ഞു. ബാക്കിയുള്ളവരെ ഉടൻതന്നെ നിയമിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. പണിമുടക്കുകാലം

1101 [1749] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില പ്രത്യേക സ്ഥലത്ത് മിന്നൽ പണിമുടക്കു നടത്തുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർ മറ്റു സ്ഥലങ്ങളിൽനിന്നും വരുന്ന ബസ്സുകളെയും അതിലെ യാത്രക്കാരെയും യാത്ര തുടരാൻ അനുവദിക്കാതെ കഷ്ടപ്പെടുത്താറുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ കഷ്ടപ്പെടേണ്ടി വരുന്ന യാത്രക്കാർക്ക് കോമ്പൻസേഷൻ നൽകാൻ ദയവുണ്ടാകുമോ;

(സി) ഈ മിന്നൽ പണിമുടക്ക് അതത് സ്ഥലങ്ങളിൽനിന്നും പുറപ്പെടുന്ന ബസ്സുകളിൽമാത്രം ഒതുക്കി നിറുത്താൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) മിന്നൽ പണിമുടക്കുകാലം നടത്തുമ്പോൾ ആ യൂണിറ്റിൽ അന്യയൂണിറ്റുകളിൽനിന്നും വന്നുചേരുന്ന സർവ്വീസുകൾ അയയ്ക്കുന്നതിനു സാധാരണയായി പണിമുടക്കുന്ന ജീവനക്കാർ അനുവദിക്കാറില്ല.

(ബി) ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ യാത്രക്കാർക്ക് കോമ്പൻസേഷൻ നൽകുന്ന കാര്യം പരിഗണിക്കാൻ പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly